5. സെക്രട്ടേറിയറ്റ് ആസ്ഥാനമാക്കി, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രധാന ഘടകമായ കാർബൺ ഫുട്ട് പ്രിന്റിന്റെ പഠനം എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. കാർബൺ സംയുക്തങ്ങളുടെ ബഹിർഗമനം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ സൂക്ഷ്മായി നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ

301 (2130) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം നേരിടുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ഏതെല്ലാം ;

(ബി) പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എത്ര സർക്കാർ ഏജൻസികൾ ഉണ്ട് ; വിശദമാക്കുമോ ;

(സി) പ്ലാസ്റ്റിക് റീ-സൈക്ലിംഗ് സംബന്ധിച്ച് പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം എന്തെല്ലാം ?

ഉത്തരം

(എ) പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. കാലാവസ്ഥാ വ്യതിയാനം.
2. പാരിസ്ഥിതി മലിനീകരണം.
3. കുന്നിടിക്കുക, ക്വാറിയിംഗ് തുടങ്ങിയ മാനുഷിക പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ.
4. ജൈവ സമ്പത്തിന്റെ നശീകരണം.
5. ഖരദ്രവ മാലിന്യങ്ങളുടെ അശാസ്ത്രീയമായ സംസ്കരണം.
6. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതോപയോഗം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (സ്റ്റാറ്റ്യൂട്ടറി അതോറിറ്റി)
2. ശുചിത്വ മിഷൻ (സംസ്ഥാന സർക്കാർ സ്ഥാപനം)
3. ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച്
4. കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്
5. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയൺമെന്റ്.

ഇതിനുപുറമേ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളും നിലവിലുണ്ട്.

(സി) ക്ലീൻ കേരള കമ്പനി മുഖേന ലോഗ്രേഡ് ഉൾപ്പെടെ 187 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ 2-10-2014 മുതലുള്ള കാലയളവിൽ ശേഖരിച്ച് അംഗീകൃത ഏജൻസികൾ മുഖേന പുനഃചംക്രമണത്തിനു നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടുത്ത ഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിൽ പ്ലാസ്റ്റിക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി റീ-സൈക്ലിംഗ് നടത്തുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുള്ളതും പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതുമാണ്. പ്ലാസ്റ്റിക് റീ-സൈക്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടവും മറ്റു പശ്ചാത്തല സൗകര്യവും ലഭിക്കുന്നമുറയ്ക്ക് ഇതര സ്ഥലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

പ്ലാസ്റ്റിക്കും പാരിസ്ഥിതിക പ്രശ്നങ്ങളും

302 (2131) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പ്രചരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും പരിസ്ഥിതിക്കുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങളും പരിഹരിക്കുവാൻ പ്ലാസ്റ്റിക്ക് നിയന്ത്രിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിരോധിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അടക്കമുള്ള നിരവധി പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ശ്രുക്ഷമായ പ്രത്യാഘാതങ്ങളെ ക്ഷണിച്ചുവരുത്തുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്രയും വേഗം പ്ലാസ്റ്റിക് ഉത്പന്നങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly